# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)
(ഹാജർ. എൻ പത്മകുമാർ .ഐ.എ.എസ്.)

**എൽ.ആർ.എൻ1/20/2016** **തീയതി . 27-09-2017**

വിഷയം : റവന്യൂ വകുപ്പ് - ചെയിൻ സർവ്വെ പരിശീലനം -തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങൾ- ജീവനക്കാരെ പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതും നടപടിക്രമം പുനഃ ക്രമീകരിക്കുന്നതും സംബന്ധിച്ച്

സൂചന :
1) ഈ കാര്യാലയത്തിലെ 19-09-2017-ലെ എൽ.ആർ.(എൻ.1)20/2016 നമ്പർ നടപടിക്രമം
2) കൊല്ലം ജില്ലാ കളക്ടറുടെ 27/09/2017 ലെ ഇ4/4750/2017 നമ്പർ കത്ത്
3) ആലപ്പുഴ ജില്ലാ കളക്ടറുടെ 27/09/2017 ലെ എ3/101/17 നമ്പർ കത്ത്.
4) കോട്ടയം ജില്ലാ കളക്ടറുടെ 27/09/2017 ലെ എ2-436/17 നമ്പർ ഫോൺ സന്ദേശം
5) ഇടുക്കി ജില്ലാ കളക്ടറുടെ 26-09-2017 ലെ എ1-10/17 നമ്പർ നടപടിക്രമം
6) ഇടുക്കി ജില്ലാ കളക്ടറുടെ 26-09-2017 ലെ ബി1-18/17 നമ്പർ കത്ത്
7) തൃശ്ശൂർ ജില്ലാ കളക്ടറുടെ 27/09/2017 ലെ എ2-200/17 നമ്പർ ഫോൺ സന്ദേശം
8) കോഴിക്കോട് ജില്ലാ കളക്ടറുടെ 27/09/2017 ലെ ഫോൺ സന്ദേശം.
9) വയനാട് ജില്ലാ കളക്ടറുടെ 27/09/2017 ലെ എ1-2016/27675/12 നമ്പർ നടപടിക്രമം
10) കണ്ണൂർ ജില്ലാ കളക്ടറുടെ 26/09/2017 ലെ DCKNR/8440/2017/A2 നമ്പർ കത്ത്.

സൂചന (1) പ്രകാരമുള്ള നടപടിക്രമം പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങളിൽ 03-10-2017 മുതൽ 31-10-2017 വരെ നടക്കുന്ന ചെയിൻ സർവ്വെ പരിശീലനത്തിനായി ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സൂചനകൾ (2) മുതൽ (10) വരെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ശുപാർശകൾ സമർപ്പിച്ചിരുന്നു. ജില്ലാ കളക്ടർമാരുടെ ശുപാർശകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരമുള്ള നടപടിക്രമത്തിലെ, തിരുവനന്തപുരം കേന്ദ്രത്തിലെ 9,10,15 എന്നീ ക്രമ നമ്പരുകളിൽപ്പെട്ട ജീവനക്കാരെയും തൃശ്ശൂർ കേന്ദ്രത്തിലെ 4,5,8,10,21,22,26 എന്നീ ക്രമ നമ്പരുകളിൽപ്പെട്ട ജീവനക്കാരെയും അതത് കേന്ദ്രങ്ങളിലെ ചെയിൻ സർവ്വെ പരിശീലനത്തിൽ നിന്നൊഴിവാക്കികൊള്ളുന്നു.

തിരുവനന്തപുരം കേന്ദ്രത്തിൽ ചെയിൻ സർവ്വെ പരിശീലനത്തിന് നിയോഗിച്ച ശ്രീ.രാഹുൽ ആർ(ക്രമ നമ്പർ12) ശ്രീമതി.അനിത എൻ.എ(ക്രമ നമ്പർ 31) തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ നിയോഗിച്ച ശ്രീമതി.നീന കെ.എസ് (ക്രമ നമ്പർ 6), ശ്രീമതി.അനവദ്യ എസ് (ക്രമ നമ്പർ 26) എന്നിവർക്ക് മുമ്പ് ചെയിൻ സർവെ പരിശീലനം ലഭിച്ചിട്ടുള്ളതിനാൽ ടിയാളുകളെ പരിശീലനത്തിൽ നിന്നും ഒഴിവാക്കുന്നു.

സൂചന (6) പ്രകാരം സർവെ പരിശീലന കേന്ദ്രത്തിൽ മാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ തൃശ്ശൂർ സർവെ കേന്ദ്രത്തിലേക്ക് നിയോഗിച്ച ശ്രീമതി.തുഷാര ജെ.എസ് (ക്രമ നം.2) എന്നവരെ, തിരുവനന്തപുരം സർവെ കേന്ദ്രത്തിലേക്ക് മാറ്റി നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ ക്രമ നമ്പർ (21) ആയി നിയോഗിച്ച ജീവനക്കാരിയുടെ പേര് ജിനി റ്റി.പി എന്നത് നോട്ടപിശകുകാരണം ഷൈനി എൻ എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതാണെന്ന് സൂചന (8) പ്രകാരം അറിയിച്ചിട്ടുണ്ട്*. ശ്രീമതി ജിനി റ്റി.പി ആകസ്മികമായ കാരണങ്ങളാൽ പരിശീലനം ഒഴിവാക്കുന്നുവെന്നും പകരം ശ്രീമതി.ഫാത്തിമ ഷെറിൻ എന്നവരെ നിയോഗിക്കുന്നതിനും കോഴിക്കോട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2017 ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്ന ചെയിൻ സർവെ പരിശീലനം താഴെ പറയും പ്രകാരം പരിഷ്കരിച്ചുത്തരവാകുന്നു.

## തിരുവനന്തപുരം

| ക്രമ നം. | റിലിങ്ക്വിഷ് ചെയ്തവർ | 19/09/2017 ലെ എൽ.ആർ. എൻ1/20/16 നടപടിക്രമത്തിലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ടവർ | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|---|---|
| 1 | മോഹൻശങ്കർ എസ്. | 9 | സീമവർഗ്ഗീസ് | ക്ലർക്ക്/വി.എ | ഇടുക്കി |
| 2 | രേണു വി.എസ്. | 10 | സുരഭി കെ.എസ്. | ക്ലർക്ക്/വി.എ | ഇടുക്കി |
| 3 | രാഹുൽ ആർ. | 12 | തുഷാര ജെ.എസ്. | ക്ലർക്ക്/വി.എ | ഇടുക്കി |
| 4 | ബാബുമോൻ ജി. | 15 | ബബിത പി.എം. | ക്ലർക്ക്/വി.എ | വയനാട് |
| 5 | അനിത എൻ.എ. | 31 | -ഇല്ല- | -ഇല്ല- | -ഇല്ല- |

## തൃശ്ശൂർ

| ക്രമ നം. | റിലിങ്ക്വിഷ് ചെയ്തവർ | 19/09/2017 ലെ എൽ.ആർ. എൻ1/20/16 നടപടിക്രമത്തിലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ടവർ | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|---|---|
| 1 | ശിവപ്രിയ എസ്. | 4 | വിദ്യ ചന്ദ്രൻ | ക്ലർക്ക്/വി.എ | തൃശ്ശൂർ |
| 2 | രാജിമോൾ ആർ | 5 | പ്രിയ ആർ | ക്ലർക്ക്/വി.എ | തൃശ്ശൂർ |
| 3 | നീന കെ.എസ്. | 6 | അനശ്വര പി. | ക്ലർക്ക്/വി.എ | തൃശ്ശൂർ |

| | | | | | |
|---|---|---|---|---|---|
| 4 | സുകുമാർ കെ.ജി. | 8 | ആതിര എം.എൻ | ക്ലർക്ക്/വി.എ | പാലക്കാട് |
| 5 | നിധിൻകുമാർ പി.കെ | 10 | ഫാത്തിമ ഷെറിൻ | ക്ലർക്ക്/വി.എ | കോഴിക്കോട് |
| 6 | *ജിനി റ്റി.പി | 21 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 7 | ഗിരീഷ് എൻ.വി. | 22 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 8 | അനവദ്യ എസ്. | 26 | -ഇല്ല- | -ഇല്ല- | -ഇല്ല- |

പരിശീലനം റിലിങ്കിഷ് ചെയ്ത ജീവനക്കാർക്ക് പകരം നിയോഗിച്ച ജീവനക്കാരെ **03-10-2017- ന് രാവിലെ 10- മണിയ്ക്ക്** സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ മുമ്പാകെ ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ചെയിൻ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

കക്ഷികൾക്ക് (ജില്ലാ കളക്ടർ മുഖാന്തിരം)

പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
3. അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ
4. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
5. ഐ.ടി. സെൽ
6. കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Valsalakum

സൂപ്രണ്ട്.